**Malayala Manorama**

**19 August 2018**

**Kumali, Mullaperiyar Dam, Water Level Recedes**

# മുല്ലപ്പെരിയാർ ജലനിരപ്പ് താഴുന്നു; 141 അടി

കുമളി ● മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് മഴ കുറഞ്ഞു; ജലനിരപ്പ് താഴുന്നു. ഇന്നലെ വൈകിട്ട് മൂന്നിനുള്ള ജലനിരപ്പ് 141.30 അടി.

വെള്ളി ഉച്ചയ്ക്ക് സെക്കൻഡിൽ 22587 ഘനയടി വെള്ളമാണ് അണക്കെട്ടിലേക്ക് ഒഴുകിയെത്തിയിരുന്നത്. ഇന്നലെ ഇത് 15583 ഘനയടിയായി കുറഞ്ഞു. നീരൊഴുക്ക് കുറഞ്ഞതോടെ തമിഴ്നാട് കൊണ്ടു പോകുന്ന വെള്ളത്തിന്റെ അളവ് സെക്കൻഡിൽ 2300 ഘനയടിയിൽ നിന്ന് 2200 ഘനയടിയാക്കി കുറച്ചു.

സ്പിൽവേയിലെ 13 ഷട്ടറുകളും മൂന്നടി ഉയർത്തിയിരിക്കുകയാണ്. പെരിയാറിലേക്ക് 16052 ഘനയടി വെള്ളം ഒഴുക്കുന്നുണ്ട്.